**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

തിരുവനന്തപുരം- 695033

## സർക്കുലർ

നമ്പർ : ബി1/33870/2020/സം.തി.ക

തീയതി: 01.12.2020

**കോവിഡ് 19 പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകൾ നൽകുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. കോവിഡ് 19 പശ്ചാത്തലത്തിൽ കോവിഡ് പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും വോട്ട് ചെയ്യുന്നതിന് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് അനുവദിക്കും.
2. വോട്ടെടുപ്പിന് മുമ്പുള്ള പത്താം ദിവസം മുതൽ വോട്ടെടുപ്പിന്റെ തലേ ദിവസം വൈകുന്നേരം 3 മണി വരെ കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റൈനിൽ പോകുന്നവർക്കുമാണ് സ്പെഷ്യൽ പോസ്റ്റൽ വോട്ട്.
3. പോസ്റ്റൽ ബാലറ്റിന് അർഹതപ്പെട്ട സ്പെഷ്യൽ വോട്ടർമാരുടെ ലിസ്റ്റ് Designated Health Officer (ജില്ലാ മെഡിക്കൽ ഓഫീസർ) മാർ ഓരോ ദിവസവും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കും.
4. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത ലിസ്റ്റ് ലഭിച്ചാലുടൻതന്നെ ബന്ധപ്പെട്ട വരണാധികാരികൾക്ക് കൈമാറേണ്ടതാണ്. അതോടൊപ്പം ലിസ്റ്റിൽപ്പെടുന്ന മറ്റ് ജില്ലകളിലെ വോട്ടർമാരുടെ വിശദാംശങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും ലഭ്യമാക്കണം.
5. വരണാധികാരികൾക്ക് ലിസ്റ്റ് ലഭിച്ചാൽ ഉടൻ തന്നെ സ്പെഷ്യൽ വോട്ടർമാർക്ക് ബാലറ്റ് പേപ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതിനായി ഓരോ തദ്ദേശസ്ഥാപനത്തിലും ഒന്നോ അതിലധികമോ സ്പെഷ്യൽ പോളിംഗ് ടീമുകളെ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർ നിയമിക്കണം.

6. പോളിംഗ് ഉദ്യാഗസ്ഥർക്ക് ഡിസംബർ 2 മുതൽ പോസ്റ്റൽ ബാലറ്റും ഫാറം 16 ലെ ഡിക്ലറേഷൻ ഫാറവും , ഫാറം 19 ഡി യിലെ ചെറിയ കവറും ഫാറം 19 ഇ ലെ വലിയ കവറും വോട്ട് ചെയ്യുന്നതിനുള്ള മറ്റ് സാധനങ്ങളും സ്പെഷ്യൽ വോട്ടർമാർക്ക് അവർ താമസിക്കുന്ന സ്ഥലത്ത് നേരിട്ട് പോയി നൽകുന്നതിന് വരണാധികാരി ലഭ്യമാക്കേണ്ടതാണ്. ( 19 ഡി, 19 ഇ കവറുകൾ ലഭ്യമല്ലായെങ്കിൽ ഫാറം 18, 19 കവറുകളും യഥാക്രമം ഉപയോഗിക്കാവുന്നതാണ് )
7. അത്തരത്തിൽ വിതരണം ചെയ്യുന്ന സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് പേപ്പറുകളുടെ മറുപുറത്ത് വരണാധികാരി **'പോസ്റ്റൽ ബാലറ്റ്** 'എന്ന് മുദ്രണം ചെയ്യണം.
8. പോളിംഗ് ഓഫീസർക്ക് ബാലറ്റ് നൽകുമ്പോൾ വോട്ടർപട്ടികയുടെ വർക്കിംഗ് കോപ്പിയിൽ SPB എന്ന് മാർക്ക് ചെയ്യണം. കൂടാതെ ബാലറ്റിന്റെ കൗണ്ടർ ഫോയിലിൽ വോട്ടറുടെ ക്രമ നമ്പരും പാർട്ട് നമ്പരും രേഖപ്പെടുത്തി അവ വരണാധികാരി സൂക്ഷിക്കുകയും വേണം.
9. സ്പെഷ്യൽ വോട്ടർ പോളിംഗ് ഓഫീസറിൽ നിന്ന് ബാലറ്റ് കൈപ്പറ്റിയതിന് ശേഷം മാത്രമേ വരണാധികാരി മാർക്ക്ഡ് കോപ്പിയിൽ **SPB** എന്ന് രേഖപ്പെടുത്താവൂ. ഇപ്രകാരം സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് നൽകുന്ന നടപടി പൂർത്തിയായ ശേഷം വോട്ടർപട്ടികയുടെ മാർക്ക്ഡ് കോപ്പി സീൽ ചെയത കവറിൽ അതാത് പ്രിസൈഡിംഗ് ഓഫീസർമാർക്ക് വോട്ടെടുപ്പിന്റെ തലേ ദിവസം രാത്രി 9 മണിക്ക് മുമ്പായി സെക്ടറൽ ഓഫീസർ/ പ്രത്യേക ആൾ മുഖേന കൈമാറേണ്ടതാണ്.
10. സ്പെഷ്യൽ പോളിംഗ് ടീം സ്പെഷ്യൽ വോട്ടറെയും ബന്ധപ്പെട്ട സ്ഥാനാർത്ഥികളെയും മുൻകൂട്ടി അറിയിച്ച് (എസ്. എം.എസ്, ഫോൺ മുഖേന) വേണം അപേക്ഷഫാറവും മറ്റും സ്പെഷ്യൽ വോട്ടർ താമസിക്കുന്ന സ്ഥലത്ത് ലഭ്യമാക്കേണ്ടത്.
11. പോളിംഗ് ഓഫീസർ ഫാറം എൻ 1 ലെ രജിസ്റ്റർ കൂടി സൂക്ഷിക്കേണ്ടതാണ്. അതിൽ വോട്ടറെ സംബന്ധിച്ച വിവരങ്ങളും തിരിച്ചറിയൽ രേഖയിലെ വിവരങ്ങളും വോട്ടറുടെ ഒപ്പും/ വിരലടയാളവും രേഖപ്പെടുത്തേണ്ടതുമാണ്.
12. വോട്ടർ ബാലറ്റ് കൈപ്പറ്റാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ നേരിട്ട് അയക്കുകയോ ചെയ്യുന്ന സംഗതിയിൽ ആ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തണം. വോട്ടർ ബാലറ്റ് നിരാകരിക്കുന്ന സാഹചര്യത്തിൽ **SPB refused** എന്ന് മാർക്ക്ഡ് കോപ്പിയിൽ അടയാളപ്പെടുത്തണം.
13. സ്പെഷ്യൽ വോട്ടർ അപേക്ഷാഫാറവും (ഫാറം 19 ബി) ഡിക്ലറേഷനും (ഫാറം 16) പൂരിപ്പിച്ച് നൽകണം. വോട്ടറുടെ ഡിക്ലറേഷൻ പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണം. തുടർന്ന് വോട്ടർ രഹസ്യമായി

ബാലറ്റ് പേപ്പറിൽ പേന ഉപയോഗിച്ച് ക്രോസ് മാർക്ക് അല്ലെങ്കിൽ ടിക് മാർക്ക് ഇട്ട് വോട്ട് ചെയ്യണം.

14. വോട്ട് ചെയ്ത ശേഷം ബാലറ്റ് പേപ്പർ മടക്കി ചെറിയ കവറിലിട്ട് ഒട്ടിക്കണം. അതിന് ശേഷം ആ കവറും ഡിക്ലറേഷനും അതോടൊപ്പം നൽകിയ വലിയ കവറിലിട്ട് സീൽ ചെയ്യണം. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഓരോ തലത്തിലേക്കും അപ്രകാരം ചെയ്ത് മൂന്ന് കവറുകളിലാക്കണം.
15. അത്തരത്തിൽ സീൽ ചെയ്ത കവറുകൾ ആ പോളിംഗ് ടീമിനെ ഏൽപ്പിക്കാവുന്നതാണ്. വോട്ടർക്ക് അവ തപാലിലൂടെയോ ആൾവശമോ വരണാധികാരിക്ക് ലഭ്യമാക്കുകയും ചെയ്യാം. അവ പോളിംഗ് ഓഫീസറെ ഏൽപ്പിക്കുന്ന പക്ഷം പോളിംഗ് ഓഫീസർ കൈപ്പറ്റ് രസീത് നൽകും. വോട്ട് രേഖപ്പെടുത്തി തിരികെനൽകുന്നില്ലായെങ്കിലും ഡിക്ലറേഷൻ പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.
16. മറ്റ് ജില്ലകളിലെ വോട്ടർമാരെ സംബന്ധിച്ചുള്ള വിവരം ബന്ധപ്പെട്ട ജില്ലകൾക്ക് അതാത് ദിവസം തന്നെ കൈമാറേണ്ടതും ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥർ അവ വരണാധികാരികൾക്ക് ഉടൻതന്നെ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
17. അത്തരത്തിൽ ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് വരണാധികാരികൾ വോട്ടർമാർക്കുള്ള ബാലറ്റ് പേപ്പർ, ഡിക്ലറേഷൻ ഫാറം, അപേക്ഷ ഫാറം, കവറുകൾ തുടങ്ങിയവ സ്പെഷ്യൽ വോട്ടറുടെ ഇപ്പോഴത്തെ മേൽവിലാസത്തിൽ പോസ്റ്റ് വഴി അയച്ച് കൊടുക്കേണ്ടതാണ്.
18. മേൽപ്പറഞ്ഞ സ്പെഷ്യൽ വോട്ടർമാർ പൂരിപ്പിച്ച അപേക്ഷയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഡിക്ലറേഷനും വോട്ട് ചെയ്ത ബാലറ്റും മുമ്പ് സൂചിപ്പിച്ചതുപോലെ കവറുകളിലാക്കി തപാൽ മുഖേനയോ ആൾ വശമോ വരണാധികാരിക്ക് നിശ്ചിത ദിവസത്തിനകം അയച്ചുകൊടുക്കേണ്ടതാണ്.
19. ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിലുള്ള ഒരു വോട്ടർക്ക് തപാൽ ബാലറ്റിനായി ഫാറം 19 ഡിയിൽ നേരിട്ടോ തപാലിലൂടെയോ അപേക്ഷിക്കാവുന്നതാണ്. വരണാധികാരി അത്തരം അപേക്ഷകൾ പരിശോധിച്ച് ഡിക്ലറേഷൻ ഫാറവും ബാലറ്റും കവറുകളും വോട്ടറുടെ മേൽവിലാസത്തിൽ പോസ്റ്റ് വഴി അയച്ചു കൊടുക്കണം. അത്തരത്തിൽ ലഭിക്കുന്ന ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തി ഡിക്ലറേഷൻ ഗസറ്റഡ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ പ്രകാരം പോസ്റ്റ് വഴിയോ നേരിട്ടോ വരണാധികാരിയ്ക്ക് നൽകാം. ത്രിതല പഞ്ചായത്തിലേയ്ക്കുള്ള സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിന് ഒരു അപേക്ഷ മാത്രമേ ലഭിച്ചിട്ടുള്ളൂവെങ്കിലും 3 തലത്തിലേക്കുമുള്ള പോസ്റ്റൽ ബാലറ്റ് നൽകേണ്ടതാണ്.